പുനരുദ്ധാരണ പാക്കേജ് മേയ് 2014-ന് തീർപ്പാക്കി ഉടമ്പടി ചെയ്യേണ്ടതാണെന്നും, പെൻഷൻ ഉടങ്ങിയ നിലവിലുള്ള ബാദ്ധ്യതകൾ കൊടുത്തു തീർക്കുവാൻ 2014 ഫെബ്രുവരി മുതൽ 2014 മെയ് വരെ പ്രതിമാസം ഇരുപത്തിയഞ്ച് കോടി രൂപ വീതം കെ.എസ്.ആർ.ടി.സി.ക്ക് റിലീസ് ചെയ്യുവാനും ഇതിൽ 2014 ഫെബ്രുവരിയിലെയും, മാർച്ചിലെയും തുക (അന്പത് കോടി രൂപ) ഉടൻ റിലീസ് ചെയ്തുനൽകുവാനും 26-2-2014-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇപ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതി-പദ്ധതിയേതര വിഹിതമായി 484 കോടി രൂപ നൽകിയിട്ടുണ്ട്.

(സി&ഡി) 21-8-2014-ലെ മന്ത്രിസഭായോഗത്തിൽ 7055-00-190-99 Loans to KSRTC (Non-Plan) ശീർഷകത്തിൽ ഉണ്ടായിരുന്ന 45 കോടി മിച്ചതുകയും ബാക്കി ഗതാഗത വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുകയിൽ നിന്നും റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുന്നതും ഉൾപ്പെടെ ആകെ 200 കോടി രൂപ മൂലധനച്ചെലവായി കെ.എസ്.ആർ.ടി.സി.ക്ക് അനുവദിക്കാൻ തീരുമാനിച്ചു.

മേൽപ്പറഞ്ഞ 45 കോടി രൂപ ഉൾപ്പെടെ ഈ സാമ്പത്തിക വർഷം ഇതുവരെ 209.85 കോടി രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

സി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള കോൺട്രാക്ടർമാർക്ക് അനുവദിച്ച നികുതിയിളവ്

140 (480) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലേർപ്പെട്ട സി.എസ്.ടി. രജിസ്ട്രേഷൻ ഉള്ള കോൺട്രാക്ടർമാർ അന്യസംസ്ഥാനത്ത് നിന്ന് നിർമ്മാണ സാമഗ്രികൾ വാങ്ങിയ ഇനത്തിൽ തന്നാണ്ടിൽ സർക്കാരിന് ലഭിച്ച നികുതി വരുമാനം സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) സി. എസ്. ടി. രജിസ്ട്രേഷൻ ഉള്ള എത്ര കോൺട്രാക്ടർമാർ 25 കോടി രൂപയ്ക്ക് മുകളിൽ വിലമതിക്കുന്ന നിർമ്മാണ സാമഗ്രികൾ ഈ വർഷം കൊണ്ടുവരികയുണ്ടായി. അവർ ആരൊക്കെ ; അവർ കൊണ്ടുവന്ന സാമഗ്രികൾക്ക് ഏർപ്പെടുത്തിയ നികുതിനിർദ്ദേശങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള വ്യവസ്ഥകൾ സംസ്ഥാനത്തിന് പുറത്തുനിന്ന് നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്ന കോൺട്രാക്ടർമാർക്ക് നികുതിയിൽ നിന്നും രക്ഷപ്പെടാൻ സഹായകമായിട്ടുള്ളതാണെന്ന് അറിയാമോ ? സംസ്ഥാനത്ത് നിന്ന് നിർമ്മാണസാമഗ്രികൾവാങ്ങി നിർമ്മാണത്തിലേർ പ്പെട്ടിരിക്കുന്ന ചെറുകിട കോൺട്രാക്ടർമാർക്ക് ലഭിക്കാത്ത സൗജന്യം വൻകിട കോൺട്രാക്ടർമാർക്ക് ലഭിച്ചതുവഴി സർക്കാരിനുണ്ടായ വരുമാനനഷ്ടം വകയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തികവർഷം നിലവിലുണ്ടായിരുന്ന കോമ്പൗണ്ടിംഗ് നികുതി ഘടനപ്രകാരം കേന്ദ്രവിൽപ്പന നികുതി രജിസ്ട്രേഷനുള്ള കോൺ ട്രാക്ടർമാർ സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങുന്ന സാധനങ്ങൾക്ക് വാങ്ങൽ വിലയിൽ ഷെഡ്യൂൾ നിരക്കിൽ നികുതി അടയ്ക്കണമായിരുന്നു. അത് ഈ വർഷം മാറ്റി മൊത്തം കരാർ തുകയുടെ 6 ശതമാനം സംസ്ഥാനത്തിനകത്തുനിന്നും വാങ്ങുന്ന അൺ രജിസ്റ്റേഡ് പർച്ചേസിന് വാങ്ങൽ നികുതിയുമായി പുനഃക്രമീകരിച്ചു. ഇപ്പോൾ ഓർഡിനൻസ് പ്രകാരം വാങ്ങൽ നികുതി ഒഴിവാക്കി നിരക്ക് 7 ശതമാനമായി ഉയർത്തിയിട്ടുണ്ട്. നികുതിവരുമാനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) നിലവിലുള്ള നിയമപ്രകാരം ഇവർ കോമ്പൗണ്ടിംഗ് നിരക്കിലാണ് നികുതി അടയ്ക്കുന്നതെങ്കിൽ മൊത്തം കരാർ തുകയുടെ 7% നികുതി അടയ്ക്കണം. മറ്റു വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) കരാർപണിക്കാരുടെ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ 2014-ലെ കേരള ധനകാര്യനിയമം, ഓർഡിനൻസ് 21/2014 എന്നിവ മുഖാന്തിരം കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ സംസ്ഥാനത്തിന് പുറത്തുനിന്നും നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്ന കോൺട്രാക്ടർമാർക്ക് നികുതിയിൽ നിന്നും രക്ഷപ്പെടാൻ സഹായകമായിട്ടുള്ളതായി വകുപ്പ് വിലയിരുത്തിയിട്ടില്ല. ഇവർ മൊത്തം കരാർ തുകയുടെ ഏഴ് ശതമാനം കോമ്പൗണ്ടിംഗ് നികുതി അടയ്ക്കേണ്ടിവരും. മുമ്പുണ്ടായിരുന്ന നിയമപ്രകാരം പുറത്തുനിന്നും കൊണ്ടുവരുന്ന സാധനങ്ങൾക്ക് ചരക്കുകൂലിയും ലാഭവും ഒഴിവാക്കി വാങ്ങൽവിലയിൽ മാത്രം ഷെഡ്യൂൾ നിരക്കിൽ നികുതിയടച്ചാൽ മതിയായിരുന്നു. ആയത് പരിഗണിക്കുമ്പോൾ മൊത്തം കരാർ തുകയുടെ ഏഴ് ശതമാനം നികുതി ഒരു സൗജന്യമാണെന്ന് പറയാൻ കഴിയില്ല. എന്തെന്നാൽ ലേബർ തുകയുടെ പുറത്തും ഏഴ് ശതമാനം നികുതി അടയ്ക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly